I/90889/2023

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ നഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് -ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം- കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ കരുനാഗപ്പള്ളി വില്ലേജിൽ റീസർവ്വേ നമ്പർ 452/3 ൽ ഉൾപ്പെട്ട 164.65 ആർ സ്ഥലത്ത് 8925.30 ച. മീ വിസ്തൃതിയിൽ നിലവിലുള്ള സ്കൂൾ കെട്ടിടത്തിനു പുറമേ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കിച്ചൺ (188.7 ച മീ), സ്റ്റോർ (25 ച മീ) എന്നിവ ക്രമവൽക്കരിക്കുന്നതിനും 1580 ചാ മീറ്റർ വിസ്തൃതിൽ (GF-384.93 $m^2$ FF-384.93 $m^2$ SF-384.93 $m^2$, TF-384.93 $m^2$ സ്റ്റെയർ റൂം -40$m^2$) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടിയുള്ള ലേ ഔട്ട് ആൻഡ് യൂസേജ് ഓഫ് പ്ലോട്ട് നിർമ്മാണത്തിന് ശ്രീ. രാജൻ പിള്ള, സെക്രട്ടറി / മാനേജർ, ബോയ്സ് & ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കരുനാഗപ്പള്ളി - യ്ക്ക് **ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.**

**പരാമർശം:-** മാനേജർ, ബോയ്സ് & ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ സമർപ്പിച്ച 01.03.2023, 04.04.2023 എന്നീ തീയതികളിലെ അപേക്ഷകൾ.

**ഉത്തരവ് നമ്പർ TCPKLM/108/2023/C തീയതി** 11.04.2023

കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ, കരുനാഗപ്പള്ളി വില്ലേജിൽ, റീസർവ്വേ നമ്പർ 452/3 ൽ ഉൾപ്പെട്ട 164.65 ആർ സ്ഥലത്ത് 8925.30 ച. മീ വിസ്തൃതിയിൽ നിലവിലുള്ള സ്കൂൾ കെട്ടിടത്തിനു പുറമേ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്ന കിച്ചൺ (188.7 ച മീ), സ്റ്റോർ (25 ച മീ) എന്നിവ ക്രമവൽക്കരിക്കുന്നതിനും 1580 ച. മീറ്റർ വിസ്തൃതിൽ (GF-384.93 $m^2$ FF-384.93 $m^2$ SF-384.93 $m^2$, TF-384.93 $m^2$ സ്റ്റെയർ റൂം -40$m^2$) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടിയുള്ള ലേ ഔട്ട് ആൻഡ് യൂസേജ് ഓഫ് പ്ലോട്ട് നിർമ്മാണത്തിന് ശ്രീ. രാജൻ പിള്ള, സെക്രട്ടറി / മാനേജർ, ബോയ്സ് & ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കരുനാഗപ്പള്ളി **സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KMBR 2019 നും അനുബന്ധങ്ങൾക്കും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേയൗട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.**

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യൂപെൻസി നൽകുവാൻ പാടുള്ളൂ.
2. KMBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലായെന്ന് സെക്രട്ടറി ഉറപ്പാക്കണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.

4. നിർദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിക്കണം.

5. നിർമ്മാണം കെ.എം.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

6. ചട്ടം അനുസരിച്ച് ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

7. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ/ സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

8. KMBR 2019 ചട്ടം 42 പ്രകാരം വിഭിന്ന ശേഷിക്കാർ, മുതിർന്നവർ കുട്ടികൾ എന്നിവർക്കായുള്ള സൗകര്യങ്ങൾ കെട്ടിടത്തിൽ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

9. ചട്ടം 35 (2) പ്രകാരമുള്ള അഗ്നി സുരക്ഷ ഗോവണി നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

10. ദേശീയ പാതയുടെ അതിർത്തിയിൽ നിന്നുള്ള 3 മീ സെറ്റ് ബാക്കിനുള്ളിൽ മതിൽ ഒഴികെയുള്ള യാതൊരു പുതിയ നിർമ്മാണവും ഇല്ലായെന്നു സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

11. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും സൈറ്റ് പ്ലാനിൽ രേഖപ്പെടുത്താത്തതുമായ നിർമ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ്. കൂടാതെ C ബ്ലോക്കിന് അടുത്തായുള്ള നിലവിലെ ടോയിലെറ്റ്, പ്ലോട്ടിന് തെക്ക് പടിഞ്ഞാറായുള്ള കെട്ടിടങ്ങളിലേക്ക് ചട്ടപ്രകാരം ആവശ്യമായ 5 മീ ഇന്റേർണൽ റോഡിനെ ബാധിക്കുന്നതിനാൽ പ്രസ്തുത ടോയിലെറ്റ് പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്. KMBR ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ (waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.

12. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

13. നിർമ്മാണം കെ.എം.ബി.ആർ. 2019 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനോ / ക്രമവൽക്കരിക്കുന്നതിനോ ഉള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നടപടി ക്രമം പൂർത്തിയാക്കി ക്രമവൽക്കരണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ കെട്ടിടം ഉപയോഗിക്കാവൂ. പുതിയ നിർമ്മാണത്തിന് നിർമ്മാണ / വികസന അനുമതി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാനും പാടുള്ളൂ.

<u>8/2023 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

Signed by
TOWN PLANNER
Shary M V
Date: 11-04-2023 12:57:19

TCPKLM/108/2023-C

I/90889/2023

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്

ശ്രീ രാജൻ പിള്ള,

സെക്രട്ടറി / മാനേജർ, ബോയ്സ് & ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കരുനാഗപ്പള്ളി

പകർപ്പ്: സെക്രട്ടറി, കരുനാഗപ്പള്ളി
നഗരസഭ